പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6693 04/04/2018-ൽ മറുപടിക്ക്

## സംരക്ഷിത അദ്ധ്യാപകർക്ക് സ്ഥിരം നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ കഴിഞ്ഞ രണ്ട് വർഷം മാനേജ്മെന്റ് നിയമിച്ച അദ്ധ്യാപകരെ പിൻവലിച്ച് സംരക്ഷിത അദ്ധ്യാപകർക്ക് സ്ഥിരം നിയമനം നൽകുന്നതിന് ഉത്തരവായിട്ടുണ്ടോ; | (എ) ഇല്ല. പ്രൈമറി വിദ്യാലയങ്ങളിലെ പ്രഥമാദ്ധ്യാപകരെ ക്ലാസ്ചാർജിൽനിന്നും ഒഴിവാക്കുന്നത് വഴിയുണ്ടാകുന്ന ഒഴിവുകൾ 1:1 അനുപാതം പാലിച്ചുകൊണ്ട് ഭാവിയിൽ ഒരു സ്കൂളിൽ ഉണ്ടാവുന്ന ഒഴിവുകൾ, 3 മാസത്തിൽ അധികം വരുന്ന താത്കാലിക ഒഴിവുകൾ എന്നിവയിൽ സംരക്ഷിതാദ്ധ്യാപകരെ മാത്രമേ നിയമിക്കാവൂ എന്ന് 29/01/2016-ലെ സ.ഉ (പി) നം. 29/2016/പൊവിവ പ്രകാരം ഉത്തരവായിരുന്നു. ഈ ഉത്തരവിന് ചില ഭേദഗതികൾ വരുത്തി 29/01/2016 പ്രാബല്യത്തോടെ 3/12/2016-ലെ ജി.ഒ (പി) നം. 199/2016/പൊവിവ പ്രകാരം കെ.ഇ.ആർ ഭേദഗതി വരുത്തി നിയമപ്രാബല്യം നല്കിയിട്ടുണ്ട്. ഇത് പ്രകാരം പ്രൈമറി വിദ്യാലയങ്ങളിലെ പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുന്നതു വഴിയുണ്ടാകുന്ന ഒഴിവുകൾ, അധിക തസ്തികകളിൽ 1:1 അനുപാതം പാലിച്ചുകൊണ്ടുള്ള ഒഴിവുകൾ, പുതുതായി ഉണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ എല്ലാ ഒഴിവുകളും, ഒരു അക്കാദമിക വർഷമോ അതിൽ കൂടുതലോ ദൈർഘ്യമുള്ള താൽക്കാലിക ഒഴിവുകൾ എന്നിവയിൽ സംരക്ഷിതാദ്ധ്യാപകരെ മാത്രമേ നിയമിക്കാവൂ. 29-01-2016 ലെ ഉത്തരവിലെ നിർദ്ദേശം അനുസരിക്കാതെ നടത്തിയ നിയമനങ്ങളാണ് അംഗീകരിക്കപ്പെടാതിരിക്കുന്നത്. |
| (ബി) ഇതിനായി വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി കേരള ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) ഉണ്ട്. 03-12-2016 ലെ ജി.ഒ (പി) നം. 199/2016/ പൊവിവ പ്രകാരമുള്ള കെ.ഇ.ആർ ഭേദഗതി ബഹു. കേരള |

ഹൈക്കോടതി റിട്ട് പെറ്റീഷൻ നം. 1356/2017 തുടങ്ങിയ കേസുകളിൽ 11-10-2017 നുണ്ടായ വിധിന്യായത്തിലൂടെ അംഗീകരിച്ചിട്ടുണ്ട്.

(സി) 2016-17 ലെ തസ്തിക നിർണ്ണയം പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ കേന്ദ്ര വിദ്യാഭ്യാസ നിയമത്തിന്റെ ഷെഡ്യൂൾ അനുസരിച്ചുള്ള തസ്തിക നിർണ്ണയം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?.

(സി) ഉണ്ട്. 2016 – 17 ലെ തസ്തികനിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഷെഡ്യൂളിൽ നിഷ്കർഷിക്കുന്ന വിദ്യാർത്ഥി-അദ്ധ്യാപക അനുപാത പ്രകാരം തന്നെയാണ് 1 മുതൽ 8 വരെ ക്ലാസ്സുകളിൽ തസ്തികകൾ അനുവദിച്ചിട്ടുള്ളത്. അനുപാതം താഴെപറയുന്നു.

**I മുതൽ V വരെ ക്ലാസ്സുകൾ**

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 30 വരെ | 1 |
| 31 മുതൽ 60 വരെ | 2 |
| 61 മുതൽ 90 വരെ | 3 |
| 91 മുതൽ 120 വരെ | 4 |
| 121 മുതൽ 150 വരെ | 5 |
| 151 മുതൽ 200 വരെ | 5 |
| 201 മുതൽ 240 വരെ | 6 |
| 241 മുതൽ 280 വരെ | 7 |
| 281 മുതൽ 320 വരെ | 8 എന്ന ക്രമത്തിൽ |

**VI മുതൽ VIII ക്ലാസ്സുകൾ**

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 35 വരെ | 1 |
| 36 മുതൽ 70 വരെ | 2 |
| 71 മുതൽ 105 വരെ | 3 |
| 106 മുതൽ 140 വരെ | 4 |
| 141 മുതൽ 175 വരെ | 5 എന്ന ക്രമത്തിൽ |

സെക്ഷൻ ഓഫീസർ